# ജി.എച്ച്.എസ്.എസ് .ആനമങ്ങാട്

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

# 2025-26

# GHSS ANAMANGAD

# ACADEMIC MASTER PLAN ( ARABIC) 2025-26

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| വായന<br><br>വായന പ്രോത്സാഹിപ്പിക്കുക വായനാശീലം ഉണ്ടാക്കിയെടുക്കുക നല്ല വായനക്കാരൻ ആക്കുക | ലളിതമായ അറബി പുസ്തകങ്ങൾ ശേഖരിക്കുക അറബി ലൈബ്രറി ശാക്തീകരണം പത്രം മാഗസിൻ എന്നിവ ലഭ്യമാക്കുന്നു കഥകൾ കവിതകൾ ചിത്രകഥകൾ എന്നിവ കുട്ടികൾക്ക് ലഭ്യമാക്കുന്നു | ജൂൺ - സെപ്റ്റംബർ | സ്കൂൾലൈബ്രറി പുസ്തകങ്ങൾ, ആനുകാലികങ്ങൾ<br>മറ്റു അറബി പ്രസിദ്ധീകരണങ്ങൾ | രക്ഷിതാക്കൾ ,<br>പൂർവ്വ വിദ്യാർത്ഥികൾ ,<br>സന്നദ്ധ സംഘടനകൾ,<br>സഹാധ്യാപകർ |
| എഴുത്ത്<br><br>എഴുത്ത് രചനാ ശേഷി പരിപോഷിപ്പിക്കൽ | രചന ശില്പശാലകൾ സംഘടിപ്പിക്കുന്നു വ്യത്യസ്ത രചന മത്സരങ്ങൾ സംഘടിപ്പിക്കുന്നു മികച്ച സൃഷ്ടികൾ ഉൾക്കൊള്ളിച്ച് ക്ലാസ് മാഗസിൻ ചുമർ മാഗസിൻ എന്നിവ നിർമ്മിക്കുന്നു | ജൂലൈ - ഡിസംബർ | ലൈബ്രറി ഹാൾ<br>ക്ലാസ് റൂം | അധ്യാപകർ,<br>PTA |
| ആശയവിനിമയം<br>ആശയം മനസ്സിലാക്കാനും കൈമാറ്റം ചെയ്യാനുള്ള ശേഷി വികസിപ്പിക്കുക | അറബ് ചാനലുകൾ ,<br>അറബിക് ലൈവ് പ്രോഗ്രാമുകൾ ,<br>അറബ് യൂട്യൂബ് ചാനലുകൾ എന്നിവയിൽ കിട്ടുന്ന അറബി പ്രോഗ്രാമുകൾ പ്രദർശിപ്പിക്കുന്നു. പ്രസംഗങ്ങൾ സംഭാഷണങ്ങൾ, ഗ്രൂപ്പ് ചർച്ചകൾ എന്നിവയുടെ പരിശീലനങ്ങൾ നടത്തുന്നു | ജൂൺ - ഡിസംബർ | സ്മാർട്ട് റൂം ലാംഗ്വേജ് ലാബ് | PTA |

| | | | | |
|---|---|---|---|---|
| <u>ദിനാചരണം</u><br>ദിനാചരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതോടൊപ്പം അറബി ഭാഷയിലുള്ള പദസമ്പത്ത് വർദ്ധിപ്പിക്കൽ | സവിശേഷ ദിനങ്ങളിൽ അവയുടെ പ്രാധാന്യത്തെക്കുറിച്ച് സ്കൂൾ അസംബ്ലിയിൽ അറബിയിൽ ചിന്താവിഷയം അവതരിപ്പിക്കുന്നു പോസ്റ്റർ നിർമ്മാണം അവയുടെ പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു | ജൂൺ - ഫെബ്രുവരി | സ്കൂൾ അസംബ്ലി<br>സ്കൂൾ റേഡിയോ | അധ്യാപകർ,<br>ലാംഗ്വേജ് ലാബ് |
| <u>ലാംഗ്വേജ് ലാബ്</u><br>ഭാഷ നൈപുണികൾ സ്വായത്തമാക്കൽ | തനതായ അറബി ഭാഷ ശ്രമിക്കാനും മനസ്സിലാക്കാനും ആസ്വദിക്കാനും ഉള്ള അവസരം ഒരുക്കുന്നു | ജൂൺ - ഡിസംബർ | പ്രൊജക്ടർ ,<br>മൊബൈൽ സ്ക്രീൻ<br>Laptop | BRC<br>സന്നദ്ധ സംഘടനകൾ<br>പൂർവ്വ വിദ്യാർത്ഥികൾ |
| <u>അറബിക് ഫെസ്റ്റ്</u><br>ഭാഷാ പരിചയവും ആവിഷ്കാരവും | വ്യത്യസ്ത കലാരൂപങ്ങളുടെ അറബിയിലുള്ള അവതരണം അറബി ഭാഷയെയും സാഹിത്യ പരിചയപ്പെടുത്താനുള്ള പ്രദർശനങ്ങൾ നടത്തുന്നു | ഡിസംബർ | ഓഡിറ്റോറിയം<br>സ്റ്റേജ് | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ |
| <u>പ്രതിഭകളെ കണ്ടെത്തൽ</u> | കലാ പരിശീലനം നൽകുന്നു അറബി സാഹിത്യോത്സവം സംഘടിപ്പിക്കുന്നു വിജയികൾക്ക് ആവശ്യമായിട്ടുള്ള പ്രോത്സാഹനങ്ങൾ നൽകുന്നു | സെപ്റ്റംബർ - ഒക്ടോബർ | ഓഡിറ്റോറിയം ,<br>സ്റ്റേജ് | അധ്യാപകർ |

| അക്കാദമിക് മാസ്റ്റർ 2025-26 ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| 1 | ഇംഗ്ലീഷിൽ അനായാസം സംസാരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക | SPOKEN ENGLISH CLASS ENGLISH CORNER STORY TIME ENGLISH ASSEMBLY | CLASS ROOM MORNING | PTA, TEACHERS |
| 2 | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകുക | ROLE PLAY PROFILE AND SCRIPT | CLASS ROOM | TEACHERS,SRG |
| 3 | സ്വതന്ത്ര വായനയ്ക്ക് സജ്ജമാക്കുക സ്വതന്ത്ര എഴുത്തിന് അവസരം ഒരുത്തുക | READING DAY ENGLISH DAY | ACADEMIC YEAR | ENGLISH TEACHERS |
| | | READING STORIES NOVELS ETC | FROM HOME AND SCHOOL | ENGLISH TEACHERS |
| | | REVIEW- PREPARATION | | |
| 4 | കവിതാലാപനത്തിനും കവിതാരക്കും പ്രാപ്തരാക്കുന്നു | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം കവിതാലാപനം ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക | VACATION | TEACHERS |
| 5 | സാങ്കേതികവിദ്യ ഭാഷാ വികസനത്തിന് ഉപയോഗപ്പെടുത്തുക | ENGLISH FEST ENGLISH FILM കാണാനുള്ള അവസരം | അക്കാദമിക വർഷത്തിനുള്ളിൽ | TEACHERS, SITC |

## മേഖല അക്കാദമികം : ഹിന്ദി

### പൊതുവായ ലക്ഷ്യങ്ങൾ

* സ്കൂളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും എഴുതുവാനുമുള്ള കഴിവ് വളർത്തിയെടുക്കുന്നു.

* ഓരോ യൂണിറ്റിലൂടെ പഠിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.

* ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

* ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

ആസൂത്രണം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം ഇവ തിരിച്ചറിയൽ<br>ചിത്രലിപി കാർഡ് ഉപയോഗം<br>പരിചയപ്പെടുത്തുന്നു | അക്ഷരമാല കാർഡുകൾ നൽകുന്നു.<br>ഡിജിറ്റൽ വീഡിയോവിന്റെ സഹായത്തോടെ ഉച്ചാരണ ശുദ്ധി ചാർട്ട് പരിചയപ്പെടുത്തുന്നു. | പ്രസ്താ<br>ജൂൺ - ജൂലൈ |

| | | |
|---|---|---|
| ആഴ്ചയുടെ ദിനങ്ങൾ എന്നിവ പരിചയപ്പെടുന്നു | ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടെയും ജനനത്തീയതി, ഹിന്ദിയിൽ എഴുതാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു | മാതൃകകൾ ഓൺലൈൻ ചാർട്ടുകൾ |
| ഹിന്ദി മലയാളം എഴുതാനും വായിക്കാനും പരിശീലിപ്പിക്കുന്നു. വായനാ പരിശീലനത്തിന് അധിക വായനയും നൽകുന്നു. കാർട്ടൂൺ ചിത്രങ്ങൾ എന്നിവ വായിച്ച് [illegible] പറയുന്നു. | കൊടുക്കൽ, പദങ്ങളുടെ പേര് ചേർത്തി, എന്നിവ നൽകുന്നു. ചിത്രകഥ, കാർട്ടൂൺ ചെറുകവിതകൾ അടങ്ങിയ വായനയ്ക്കായി നൽകുന്നു. | [illegible] |

## ഒമ്പതാം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുത്ത് വായന വായിക്കൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായുള്ള പരിശീലനം നൽകുന്നു | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളുടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | [illegible] ജൂൺ - ജൂലൈ |

Scanned with OKEN Scanner

| | | |
|---|---|---|
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുന്നു. ചെറിയ ചെറിയ കൂട്ടവാക്യങ്ങൾ എഴുതുവാനറിയുന്നു | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം വിശേഷണം എന്നിവ കണ്ടെത്താൻ പറയുന്നു. കവിത, കഥ, തിരിച്ചറിയാൻ നൽകുന്നു | മെയ്, ഓഗസ്റ്റ്, സെപ്തംബർ |
| പോസ്റ്ററുകൾ തയ്യാറാക്കുവാനറിയുന്നു. കവിതയെക്കുറിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മാതൃക നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ചെറിയകവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു | ഒക്ടോബർ, ഡിസംബർ, നവംബർ |

## പത്താം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്ന ഭാഷയുടെ തലങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നൽകുന്നു | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | പ്രവേശന ജൂൺ ജൂലൈ |

Scanned with OKEN Scanner

| | | |
|---|---|---|
| സാഹിത്യാഭിരുചി വളർത്തുക. ഹിന്ദി വാരാഘോഷവേള ൽ ഹിന്ദി കലാസാഹിത്യ മത്സര ഇനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക | പദ്യ പോസ്റ്റർ കഥ, കവിത പോസ്റ്റർ നിരവധി [illegible] സംഘടിപ്പിക്കുന്നു | പദ്യ പോസ്റ്റർ പോസ്റ്ററുകൾ കഥ പോസ്റ്റർ |
| അദ്ധ്യാപകർ വിവിധതരത്തിൽ അവതരിപ്പിക്കുന്നു. സ്വദേശ സ്നേഹ ചിന്തകളിലൂടെ ദേശീയ ബോധവും ഡയറി എഴുതാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി ചർച്ചകളിലൂടെ തയ്യാറാക്കുന്നു. ഒരു ദിവസത്തെ ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു | ദിനചര്യ നവംബർ ജനവരി |

Scanned with OKEN Scanner

അക്കാദമിക് മാസ്റ്റർ പ്ലാൻ - മലയാളം
2025 - 26 - [illegible] മാസങ്ങൾ

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതിക | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|
| ജൂൺ | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ വായന, ലേഖനം ശേഷികൾ ഉറപ്പാക്കൽ | പഠന പിന്നോക്ക ക്ലാസ് പരിഹാര നിർമാണം വായന ദിനാചരണം ക്ലാസ് ലൈബ്രറി പുസ്തകവായന വായനക്കുറിപ്പ് | 2 ആഴ്ച മാസം മുഴുവൻ | പുസ്തകം ICT സാധ്യതകൾ ലൈബ്രറി | മലയാളം അധ്യാപകർ ക്ലാസ് ടീച്ചർ കുട്ടികൾ ലൈബ്രറി ചുമതലയുള്ളവർ | |
| ജൂലൈ | ഭാഷാ പ്രാവീണ്യം ... വൈദഗ്ധ്യവും നേടൽ കുട്ടികളിൽ [illegible] | വായന ദിനം തുടർ പ്രവർത്തനങ്ങൾ ലൈബ്രറി സന്ദർശനം ബഷീർ ദിനാചരണം ചാന്ദ്രദിനം കടങ്കഥ - പ്രശ്നോത്തരി വിദ്യാരംഗം [illegible] പ്രവർത്തനങ്ങൾ | 2 ആഴ്ച 2 ദിവസം 1 ദിവസം 1 ദിവസം 1 ദിവസം 1 ദിവസം മാസം മുഴുവൻ | ലൈബ്രറി ICT സാധ്യതകൾ [illegible] [illegible] | മലയാളം - ക്ലാസ് അധ്യാപകർ കുട്ടികൾ | |
| ഓഗസ്റ്റ് | വായന, ലേഖനം ശേഷികളെ ഉണർത്തൽ [illegible] | സ്വാതന്ത്ര്യദിനം നാട്ടറിവ് ദിനം അക്കാദമിക് പ്രവർത്തനങ്ങൾ | 1 മാസം | PTA SSG | മലയാളം അധ്യാപകർ | |
| സെപ്റ്റംബർ | [illegible] വായന, ലേഖനം. | ദേശീയ അധ്യാപകദിനം ലോകസമാധാനദിനം അക്കാദമിക് പ്രവർത്തനം | 1 മാസം | ലൈബ്രറി പുസ്തകങ്ങൾ. SSG | മലയാളം അധ്യാപകർ SSG | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | രീതി | ഉത്തരവാദി | വിലയിരുത്തൽ | |
|---|---|---|---|---|---|---|---|
| ഒക്ടോബർ | ICT ഉപയോഗപ്പെടുത്തി ~~ഗാന്ധി ജയന്തി~~ മാനവിക മൂല്യങ്ങൾ ~~...~~ വളർത്താൻ ... വളർത്തൽ | ഗാന്ധി ജയന്തിയോടനുബന്ധിച്ച് ... — ... ... | 1 മാസം | അസംബ്ലി ... നടത്തുന്ന ... | മലയാളം അധ്യാപകർ PTA SSG | | |
| നവംബർ | ചരിത്ര ... വിവരങ്ങൾ ശേഖരിക്കുന്നതിന് ... കുട്ടികളിൽ ... | കേരളപ്പിറവി ദിനം മലയാളത്തിന്റെ ... കണ്ടെത്തൽ ... പ്രദർശനം പ്രവർത്തനങ്ങൾ | 1 മാസം | ലൈബ്രറി ICT | മലയാളം അധ്യാപകർ PTA SSG | | |
| ഡിസംബർ | ~~...~~ പ്രകൃതി സംരക്ഷണ ബോധം കുട്ടികളിൽ മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ | മഹാന്മാരുടെ ... നിർമ്മാണം ... നിർമ്മാണം ... പ്രവർത്തനങ്ങൾ | 1 മാസം | ICT | മലയാളം അധ്യാപകർ PTA SSG | | |
| ജനുവരി | മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ ... സാഹിത്യകൃതികൾ പരിചയപ്പെടുത്തൽ. വായനയും ... വളർത്തൽ. | കുമാരനാശാൻ ചരമദിനം ... ചിത്രപ്രദർശനം പുസ്തകപ്രദർശനം ... പ്രവർത്തനങ്ങൾ. | 1 മാസം | പുസ്തകങ്ങൾ | മലയാളം അധ്യാപകർ PTA, SSG. | | |

| | | | | | | | |
|---|---|---|---|---|---|---|---|
| ഫെബ്രുവരി | ഭാരതീയരുടെ ഐക്യവും സാംസ്കാരിക ഘടകങ്ങൾ തിരിച്ചറിയൽ വേഷം, ഭക്ഷണം സമ്പ്രദായങ്ങൾ എന്നിവയിലെ ഭേദങ്ങൾ തിരിച്ചറിഞ്ഞ് [illegible] ഉൾക്കൊള്ളുന്നതിന് | ലോക മാതൃഭാഷാ ദിന പരിപാടികൾ പതിപ്പുകൾ പോസ്റ്ററുകൾ ഭാഷാ ക്ലബ്ബുകൾ [illegible] പ്രദർശനം | 1 മാസം | അദ്ധ്യാപകർ പുസ്തകങ്ങൾ ICT | മലയാളം രക്ഷിതാക്കൾ PTA SSG | | |
| മാർച്ച് | | പൊതുവിജ്ഞാന [illegible] | | | | | |

| | | | |
|---|---|---|---|
| [illegible] പ്രദർശനം | | SSG | രക്ഷിതാക്കൾ |

GHSS Anamangad

Academic Master plan 2025-26 physical science

| | പ്രവർത്തനം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | തെളിവ് |
|---|---|---|---|---|---|---|
| 1 | സയൻസ് ക്ലബ് | കുട്ടികളിൽ ശാസ്ത്രാഭിരുചിയും പരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള താൽപ്പര്യവും വളർത്തുക | സയൻസ് ലാബിൽ പ്രോജക്ടുകൾ, ഡിസ്പ്ലേ ബോർഡുകൾ, വർക്ക്ഷോപ്പ് സിൻ്റ എന്നിവ ലഭ്യമാക്കൽ, ഉപകരണങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ ട്രെയിനിംഗുകൾ, സെമിനാറുകൾ | 1 വർഷം | ശാസ്ത്രക്ലബ്ബ് PTA | |
| 2 | ഫീൽഡ് ട്രിപ്പ് | ശാസ്ത്രവും സമൂഹവും തമ്മിലുള്ള പരസ്പര ബന്ധം തിരിച്ചറിഞ്ഞ് ജീവിതാനുഭവങ്ങളിലൂടെ സ്വാംശീകരിക്കുന്നു. | ശാസ്ത്ര പാർക്കുകൾ, വാനനിരീക്ഷണ കേന്ദ്രങ്ങൾ | 1 വർഷം | ശാസ്ത്രക്ലബ്ബ് PTA | |
| 3 | പാഠ്യോപകരണങ്ങൾ | ശാസ്ത്രാശയം കുട്ടികളിൽ വർദ്ധിക്കാനുള്ള രീതികൾ സ്വീകരിക്കൽ | ശാസ്ത്ര പുസ്തകങ്ങളിലെ ആശയങ്ങൾ അവതരിപ്പിക്കുന്ന Still models, working models എന്നിവ നിർമ്മിക്കൽ | 1 വർഷം | ശാസ്ത്രക്ലബ്ബ് PTA | |
| 4 | ശില്പശാലകൾ | ശാസ്ത്രത്തിൻ്റെ പ്രായോഗികത തിരിച്ചറിഞ്ഞ് നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തൽ | LED ബൾബ് നിർമ്മാണം, വൈദ്യുത വയറിങ്, ശാസ്ത്രതത്വങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന കളിപ്പാട്ടങ്ങൾ നിർമ്മിക്കൽ എന്നിവയിൽ വിദഗ്ധർ നടത്തുന്ന ശില്പശാലകൾ | 1 വർഷം | ശാസ്ത്രക്ലബ്ബ് PTA | |
| 5 | നിർമ്മാണപ്രവർത്തനങ്ങൾ | " | ലഘുയന്ത്രങ്ങൾ നിർമ്മിക്കൽ, റിപ്പയറിങ് | 1 വർഷം | ശാസ്ത്രക്ലബ്ബ് PTA | |

| പ്രവർത്തനം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| 6 ശാസ്ത്രജ്ഞരുമായി അഭിമുഖം, ക്ലാസ്സുകൾ | ശാസ്ത്രത്തിലെ ഏറ്റവും പുതിയ പ്രവണതകളെ പരിചയപ്പെടുക | പഠനം കൂടുതൽ ആഴത്തിലേക്ക് വ്യാപിപ്പിക്കുന്ന വിധത്തിലുള്ള ക്ലാസ്സുകളും അഭിമുഖങ്ങളും സംഘടിപ്പിക്കൽ, വെബിനാർ, സെമിനാർ, ചർച്ച | 1 വർഷം | ശാസ്ത്രക്ലബ്ബ് | |
| 7 ശാസ്ത്രബുള്ളറ്റിൻ ബോർഡ് | കുട്ടികളുടെ സർഗാത്മകതയും അറിവും പ്രകടിപ്പിക്കൽ | ശാസ്ത്രവിഷയങ്ങൾക്കായി ഒരു ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ | 1 വർഷം | ശാസ്ത്രക്ലബ്ബ് | |
| 8 ലൈബ്രറി | ശാസ്ത്രാഭിരുചി വളർത്തുക | സ്കൂൾ ലൈബ്രറിയിൽ ശാസ്ത്ര പുസ്തകങ്ങൾ | 1 വർഷം | ശാസ്ത്രക്ലബ്ബ് | |
| 9 ബോധവൽക്കരണ ക്ലാസ്സുകൾ, കാമ്പയിൻ | ദൈനംദിന ജീവിതത്തിൽ ശാസ്ത്രീയത പുലർത്തുക | ഭക്ഷണത്തിലെ മായം, ജങ്ക് വസ്തുക്കൾ, Fast food എന്നിവ ആരോഗ്യത്തിലെ [illegible] വ്യക്തമാക്കുന്നതിനായി വിദഗ്ധരുടെ ക്ലാസ്സുകൾ, നിത്യോപയോഗ വസ്തുക്കൾ അശാസ്ത്രീയമായി ഉപയോഗിക്കുന്നതിനെക്കുറിച്ച് ക്ലാസ്സുകൾ, ജൈവകീടനാശിനി നിർമ്മാണം, പ്ലാസ്റ്റിക് മലിനീകരണം, ഇ-മാലിന്യം എന്നിവയുടെ ശാസ്ത്രീയ സംസ്കരണത്തെക്കുറിച്ച് അറിവുനൽകാൻ ക്ലാസ്സുകൾ, രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ -സംസ്കൃതം

| മേഖല | പദ്ധതിയുടെ പേര് | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണം | സാമ്പത്തികം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| കേൾവി വായന | ലേഖനം സംഭാഷണം | അക്ഷരപരിചായനം,സംഭാഷണപരിചയം, ഭിത്തിപത്രിക നിർമ്മാണം,പരിസ്ഥിതിദിനം, സംസ്കൃതസമിതി രൂപീകരണം | ജൂൺ 2- 15 ജൂൺ 20 | അധ്യാപകൻ, സംസ്കൃത സമിതി | വിദ്യാലയ വികസന സമിതി | |
| സംഘാടനം | പരിശീലനം | സംസ്കൃതോത്സവ ഇന പരിചായനം | ജൂലൈ | സംസ്കൃത സമിതി | വിദ്യാലയ വികസന സമിതി | |
| പ്രദർശനം | ലേഖനം സംഭാഷണം | യോഗാപ്രദർശനം,ആദികാവ്യാമൃതം, പ്രശ്നോത്തരം, സംസ്കൃതദിനാചരണം,രചനാശിൽപ്പശാല | ആഗസ്റ്റ് 9 | സംസ്കൃത സമിതി | വിദ്യാലയ വികസന സമിതി | |
| നിർമ്മാണം അവതരണം | കലാ പഠനം | നാടകശില്പശാല, ഡിജിറ്റൽ മാഗസിൻ പ്രവർത്തനം | സെപ്റ്റംബർ | സംസ്കൃത സമിതി | രക്ഷാകർതൃ സമിതി | |
| | | സംസ്കൃത കലോത്സവ മത്സരങ്ങൾ സേവന പ്രവർത്തനം പ്രഭാഷണ മത്സരം | ഒക്ടോബർ | സംസ്കൃത സമിതി സംസ്കൃത അക്കാദമിക് കൗൺസിൽ | വിദ്യാലയ വികസന സമിതി | |
| പരിശീലനം | | ധിഷണാ പരീക്ഷ (സ്കോളർഷിപ്പ് )പരിശീലനം ക്ലാസ് തലം സ്കൂൾ തലം | നവംബർ | സംസ്കൃത സമിതി | വിദ്യാലയ വികസന സമിതി | |
| | സംഭാഷണ ശിബിരം | സംസ്കൃത സംഗമ : (ശില്പശാല) | ഡിസംബർ 6 | സംസ്കൃത അക്കാദമിക് കൗൺസിൽ | വിദ്യാലയ വികസന സമിതി,അധ്യാപകൻ | |
| വിനോദം | | സംസ്കൃത പഠനയാത്ര | ജനുവരി 1-7 | സംസ്കൃത സമിതി | രക്ഷാകർതൃ സമിതി | |
| | | വാർഷിക പരീക്ഷ മോഡൽ പരീക്ഷ പുനസ്മരണം റിവിഷൻ | ഫെബ്രുവരി | അധ്യാപകൻ | | |
| | | വാർഷിക പരീക്ഷ | മാർച്ച് | അധ്യാപകൻ | | |

# ജി.എച്ച്.എസ്.എസ് ആനമങ്ങാട്

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

## സാമൂഹ്യശാസ്ത്രം

### മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. **വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യ ബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |

### മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc. സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# അകാദമിക് മാസ്റ്റർ പ്ലാൻ

.........................................................................

## വിഷയം - ഉർദു

### ആമുഖം

ഇൻന്തോ ആര്യൻ ഭാഷാ ഗോത്രത്തിലെ പ്രധാന ഭാഷകളിലൊന്നാണ് ഉർദു. അനുദിനം വികസിച്ച് കൊണ്ടിരിക്കുന്ന സംഗീതസുന്ദര ഭാഷയായ ഉർദു ഗസലുകളുടേയും ഖവാലികളുടേയും ഹിന്ദുസ്ഥാനി സംഗീതത്തിന്റേയും അന്തർധാരയാണ്. സാംസ്കാരിക സമന്വയത്തിന്റേയും മാനവ സാഹോദര്യത്തിന്റേയും മുദ്രാവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷയായാണ് ഉർദു അറിയപ്പെടുന്നത്

....................................... **ജി.എച്ച്.എസിൽ** ഉർദു ഭാഷാ പഠനവുമായി ബന്ധപെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അകാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.

**പൊതു ലക്ഷ്യങ്ങൾ**

- ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും 10 ാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- സ്കൂൾ വിട്ട് പുറത്ത് വരുന്ന മുഴുവൻ ഉർദു പഠിച്ച കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.
- ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക
- വിവിധ കലാ പരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക
- 10 ാം തരത്തിലെ ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും എസ്.എസ്.എൽ സി പരീക്ഷയിൽ എ പ്ലസ് ഗ്രേഡ് ലഭിക്കും വിധം ഉയർന്ന നിലവാരത്തിലെത്തിക്കുക
- ഉർദു ഭാഷയെകുറിച്ച് സാമാന്യ അവബോധം വഴളർത്തിയെടുക്കുക.
- കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

# പ്രവർത്തന പദ്ധതി മാർഗരേഖ

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| 1 | മീഠീ ആവാസ് **വായന** | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ. ബാല മാസികകൾ, ഉർദു പത്രങ്ങൾ, വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ | വിവിധ ദിനാചരണങ്ങളിൽ | സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 3 | **കൈയ്യെഴുത്ത് മാഗസിൻ** | രചനാ ശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗിയുള്ളയുമായ കൈ എഴുത്ത്, എന്നീ ലക്ഷ്യ പൂർത്തീകരണത്തിനും, കുട്ടികളുടെ സർഗ്ഗാത്മകത വളർത്തുന്നതിനും വേണ്ടി,<br>* കയ്യെഴുത്ത് മാസിക<br>* ചുമർ പത്രിക നിർമാണം<br>* വായന കാർഡ് നിർമാണം | ടേം ൽ 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 4 | **ഉർദു ടൈപ്പിംഗ്** | * കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ.<br>* പ്രിന്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ | ഒരു വർഷം | സബ്ജക്ട് കൗൺസിൽ | | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 5 | **ഉർദു പത്രം** | ക്ലാസ് തല വാർത്തകളും വിദ്യാലയ വാർത്തകളും ഉൾപ്പെടുത്തി പത്രം തയ്യാറാക്കൽ | ടേം ൽ 1 വീതം | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 6 | ഓൺലൈൻ മീഡിയ **ഡിജിറ്റൽ മാഗസിൻ** | കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് മാഗസിൻ തയ്യാറാക്കൽ | അദ്ധ്യായന വർഷം | ഉർദു ക്ലബ്ബ് | | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 7 | **ഉർദു പൊതു വിജ്ഞാനം വർദ്ധിപ്പിക്കൽ** | പൊതുവായതും ഉർദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് | എല്ലാ മാസവും | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | വേണ്ടി ക്ലാസ് തലത്തിൽ ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ | | | | |
| 8 | **ഗസൽ & മുശാഇറ** | ഉർദു ഗസലിനേയും ഹിന്ദുസ്ഥാനി സംഗീതത്തേയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും | അദ്ധ്യായന വർഷം | ഉർദു സബ്ജക്ട് കൗൺസിൽ | 5000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 9 | **സാഹിത്യ ക്യാമ്പ്** | കുട്ടികളുടെ രചനാ പരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക<br>ഉർദു സാഹിത്യകാപന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക | അദ്ധ്യായന വർഷം | ഉർദു സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 10 | **ഷോർട്ട് ഫിലിമുകൾ** | കുട്ടികളിൽ അഭിനയ കഴിവും, അവതരണ ശേഷിയും പരിപോഷിപ്പിക്കും വിധം വിവിധ വിഷയ സംബന്ധമായ ഷോർട് ഫിലിമുകൾ തയ്യാറാക്കൽ. | അദ്ധ്യായന വർഷം വിവിധ സന്ദർഭങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 11 | ഹമാരി സബാൻ **ഉർദു ദിനം** | ടാലന്റ് മീറ്റ്<br>അക്ഷര മരം<br>ഭാഷാ സെമിനാർ<br>എന്റെ പതിപ്പ് | നവംബർ 9 | ഉർദു സബ്ജക്ട് കൗൺസിൽ | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 12 | **വായനാ ശാക്തീകരണം** | കുട്ടി വായന<br>അമ്മയും-കുഞ്ഞും വായന<br>ആസ്വാദന കുറിപ്പ്<br>പുസ്തക ചർച്ച<br>ക്വിസ് മത്സരം<br>മെഗാ ക്വിസ് | അദ്ധ്യായന വർഷം | പി.ടി.എ, വിദ്യാർഥികൾ, ഉർദു സബ്ജക്ട് കൗൺസിൽ | 3000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| 13 | തലാഷ് | പ്രാദേശിക പഠന യാത്രകൾ സംഘടിപ്പിക്കൽ | അദ്ധ്യായന വർഷം | ഉർദു സബ്ജക്ട് കൗൺസിൽ | | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 14 | **അഭിമുഖ സംഭാഷണം** | ഉർദു സംസാരിക്കുന്നവരുമായും സാഹിത്യകാരന്മാരുമായും അഭിമുഖ സംഭാഷണം നടത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് | ഉർദു സബ്ജക്ട് കൗൺസിൽ, | | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 15 | **ദിനാചരണങ്ങൾ** | വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ, ഭാഷാ ശേഷി വളർത്തുന്നതിനും , സർഗ്ഗാത്മകത വളർത്തുന്നതിനും | അതാത് ദിനാചരണങ്ങളിൽ . | ഉർദു സബ്ജക്ട് കൗൺസിൽ, | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 16 | **തൊഴിൽ നൈപുണി** | തൊഴിൽ നൈപുണി വളർത്തുന്നതിന് വേണ്ടി, വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ | അദ്ധ്യായന വർഷം | ഉർദു സബ്ജക്ട് കൗൺസിൽ | പ്രതിക്ഷിത | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

**ജി.എച്ച്.എസ് ...................................**

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ആരോഗ്യ കായിക വിദ്യാഭ്യാസം.

**മേഖല** : ആരോഗ്യകായിക വിദ്യാഭ്യാസം

**ഉദ്ദേശം** :കുട്ടികളിൽ ആരോഗ്യ കായിക ക്ഷമത കൈവരിക്കുക.

:അനുയോജ്യമായ കായിക ഇനങ്ങളുടെ നൈപുണികൾ സ്വായത്വമാക്കുക

**ഉപമേഖല** :1 കായിക മേഖല

:2 ആരോഗ്യ മേഖല

**ആമുഖം**

കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ നടത്തിയ പഠനമനുസരിച്ച് കുട്ടികളിൽ കായിക ക്ഷമത അനുദിനം കുറഞ്ഞുവന്നുകൊണ്ടിരിക്കുകയാണ്.ശരിയായ ആരോഗ്യകായികഅവബോധമില്ലായ്മയാണ് പ്രധാനമായി ചൂണ്ടിക്കാണിക്കുന്നത്.കുട്ടിക്കാലത്തെ പ്രസരിപ്പുള്ള ജീവിത ശൈലി,യൗവനത്തിനും വാർദ്ധക്യത്തിലുമുള്ള ആരോഗ്യത്തിന് നേരിട്ട് ഗുണം ചെയ്യുന്നു. എന്നാൽ ആധുനിക ജീവിതശൈലി കുട്ടികളെയും മുതിർന്നവരെയും ഒന്നുപോലെ പ്രവർത്തന മാന്ദ്യമുള്ളവരാക്കുന്നു.ചില സംസ്കാരങ്ങളിൽ വളർന്നവർക്കിടയിൽ നിഷ്ക്രിയത്വവും,അനന്തരഫലമായുള്ള,അമിതമേദസ്സും,രോഗങ്ങളും ഒരു പ്രതിസന്ധി ആനുപാതികത്തിൽ എത്തിയിരിക്കുന്നു. ലോകത്തുള്ള മറ്റേതു രാജ്യത്തെക്കാളും ജനിതകമായി തന്നെ ഹൃദ്രോഗത്തിന് സാധ്യത ഇന്ത്യക്കാർക്കാണെന്ന് അടുത്തകാലത്ത് നടന്ന പഠനത്തിൽ മനസ്സിലാക്കുന്നു.ഇന്ത്യയിൽ 35 നും 64 നും ഇടയ്ക്കുള്ള പ്രായത്തിൽ,ഹൃദ്രോഗത്തിലൂടെ ജീവിതം പൊലിഞ്ഞുപോയവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു.

ലോകത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന"**പ്രമേഹം**"എന്ന മഹാമാരി ഭീഷണി ഉയരുന്നത് ഇന്ത്യയിലാണ്.100 കോടിയിലധികം വരുന്ന ഇന്ത്യൻ ജനത,മധ്യവയസ്സിനു ശേഷം പിടിപെടുന്ന പ്രമേഹം(ടൈപ്പ്2) സാധ്യത വളരെ കൂടുതലാണ്.കാരണം കൂടുതൽ പാശ്ചാത്യവൽകൃതമായ ജീവിതശൈലിയിൽ,കൊഴുപ്പ് കൂടിയ ആഹാരം കഴിക്കുന്നതു കൊണ്ടും വ്യായാമത്തിന്റെ അഭാവം മൂലവുമാണ്.

ഇന്ത്യയിൽ പ്രമേഹ രോഗികളുടെ എണ്ണം വർദ്ധിക്കുന്നു.രാജ്യത്ത് 10 കോടിയിലധികം രോഗികൾ എന്ന് സർവ്വേ ഫലം (**ന്യൂഡൽഹി**)

ഇന്ത്യയിൽ പ്രമേഹരോഗികളുടെ എണ്ണം വൻതോതിൽ വർധിക്കുന്നതായി പഠനം.ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്- ഇന്ത്യ ഡയബറ്റീസ്(ICMR-INDIAB )നടത്തിയ സർവ്വേയിൽ 10 കോടിയിലധികം ആളുകൾക്ക് ഇന്ത്യയിൽ പ്രമേഹമുള്ളതായി കണ്ടെത്തി. 13.6 കോടിആളുകൾക്ക് പ്രീ ഡയബറ്റിക് ആണെന്നും,31.5 കോടി ആളുകൾക്ക് ഉയർന്ന രക്ത സമ്മർദ്ദം ഉണ്ടെന്നും ഈ പഠനത്തിൽ പറയുന്നുണ്ട്. മെറ്റാബോളിക് നോൺകമ്മ്യൂണിക്കബിൾ

ആയ അസുഖങ്ങളുടെ(NCD)വ്യാപനം സംബന്ധിച്ച് ഇത്തരത്തിലൊരു പഠനം നടത്തുന്നത് ആദ്യമാണ്.രാജ്യത്തെ തന്നെ ഏറ്റവും വലിയ സർവ്വേകളിൽ ഒന്നാണിത്.

25.4 കോടി ആളുകളിൽ പൊണ്ണത്തടി,35.1 കോടി ആളുകളിൽ അടിവയറ്റിലെ പൊണ്ണത്തടി,21.3 കോടി ആളുകൾക്ക് ഉയർന്നകൊളസ്ട്രോൾ(ഹൈപ്പർകൊളസ്ട്രോ ലീമിയ)18.5 കോടി ആളുകൾക്ക് ഉയർന്ന LDL കൊളസ്ട്രോൾ അല്ലെങ്കിൽ ചീത്ത കൊളസ്ട്രോൾ ഉണ്ടെന്നും സർവ്വേയിൽ കണ്ടെത്തി.ഇന്ത്യയിലെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കേരളം,പുതുച്ചേരി,ഗോവ, സിക്കിം,പഞ്ചാബ് എന്നിവിടങ്ങളിൽ ഇത്തരം അസുഖങ്ങളുടെ വ്യാപനം കൂടുതലാണെന്ന് പഠനം പറയുന്നു.

പ്രമേഹ രോഗികളെക്കാളധികം പ്രീ ഡയബറ്റിസ് ഉള്ളവർ രാജ്യത്ത് ഉണ്ടെന്നുള്ളതാണ് കൂടുതൽ ആശങ്കാജനകം.ഇതിനർത്ഥം വരും വർഷങ്ങളിൽ പ്രമേഹരോഗികളുടെ എണ്ണം ഗണ്യമായി വർദ്ധിക്കുമെന്നാണ്.2019 ൽ 7.4 കോടി പ്രമേഹരോഗികളായിരുന്നു രാജ്യത്തുണ്ടായിരുന്നത്. കഴിഞ്ഞ നാല് വർഷം കൊണ്ടാണ് ഇന്ത്യയിൽ ഇവരുടെ എണ്ണത്തിൽ വൻ കുതിച്ചുചാട്ടമുണ്ടായത്.

2020 ഓടെ ഇന്ത്യയിൽ 35 - 40 ലക്ഷം പ്രമേഹരോഗികൾ ഉണ്ടാവും എന്ന് പറഞ്ഞാൽ ലോകത്തിലെ പ്രമേഹ രോഗികളിൽ ഓരോ അഞ്ചാമനും ഇന്ത്യക്കാരനായിരിക്കും. അതിലേക്ക് കേരളത്തിൽ നിന്നുമായിരിക്കും, മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലെന്ന് ഡോക്ടേഴ്സ് അസോസിയേഷൻ കണ്ടെത്തിയിരിക്കുന്നു.

2008 നും 2020 നും ഇടയിൽ നടത്തിയ സർവ്വേയിൽ 113043 ആളുകൾ പങ്കെടുത്തു. ഇവരിൽ 33 537 പേർ നഗരവാസികളും,79506 പേർ ഗ്രാമവാസികളുമാണ്.ഇന്ത്യയുടെ വടക്കുഭാഗത്തും,തെക്കുഭാഗത്തുമാണ് ഏറ്റവും ഉയർന്നപ്രമേഹകണക്കെന്നാണ് പഠനത്തിൽ കണ്ടെത്തിയത്.മദ്യഭാഗത്തും വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലും അസുഖവ്യാപനം കുറവാണെന്ന് പഠനത്തിൽ പറയുന്നത്. "ദി ലാൻസൈറ്റ് ഡയബറ്റിസ് ആൻഡ് എൻഡോക്രൈനോളജി" എന്ന ജേണലിൽ വ്യാഴാഴ്ചയാണ് പ്രസ്തുത പഠനം പ്രസിദ്ധീകരിച്ചത്.

കേരളസംസ്ഥാനത്തിലെ കുട്ടികളുടെ ശാരീരിക സ്ഥിതി മുൻതലമുറകളെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്യുകയാണെങ്കിൽ ഇപ്പോഴത്തെകുട്ടികൾ ശാരീരിക കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്റെ തോത് വളരെകുറവാണ്.

**സ്വന്തമായൊരു കളി സ്ഥലത്തിന്റെ അഭാവം ഞങ്ങളുടെ സ്കൂളിലെ കായിക പ്രവർത്തനങ്ങൾക്ക് വിഘാതമാകുന്നുണ്ട്.**

**ലക്ഷ്യം:-**കായികക്ഷമത കൈവരിക്കൽ,ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കൽ.

**പ്രവർത്തനം:-**

*യോഗ

*സൈക്കിൾ

*കിഡ്സ് അത്ലറ്റിക്സ് ആൻഡ് അത്ലറ്റിക്സ്

*മേജർ ഗെയിം -വോളിബോൾ,ഫുട്ബോൾ, ഷട്ടിൽ

*മൈനർ ഗെയിംസ്

*എയ്റോബിക്സ്.

**യോഗ:-**5,6,7 ക്ലാസിലെ കുട്ടികൾക്ക്,ഒരു വർഷം ചുരുങ്ങിയത് 54 മണിക്കൂർ യോഗ ചെയ്യാൻ നീക്കിവെക്കുന്നു.അത് രാവിലെയാണ് ചെയ്യേണ്ടത് ക്ലാസ് അടിസ്ഥാനത്തിൽ 15 മിനിറ്റ് യോഗ ചെയ്യണം.2024 ജൂൺ,ജൂലായ്,ഓഗസ്റ്റ് മാസങ്ങളിൽ 15 മണിക്കൂർ യോഗക്കായി മാറ്റിവെച്ചിരിക്കുന്നു.

യോഗപരിശീലന കളരി സംഘടിപ്പിക്കുന്നതിനായി ഒരു ഇൻസ്പെക്ടർ പുറത്തുനിന്ന് 10 ദിവസത്തേക്ക് കാണുന്നു.

| **യോഗ ഉപകരണങ്ങൾ** | | | | |
|---|---|---|---|---|
| **ക്ര .നം** | **ഉപകരണങ്ങൾ** | **വില** | **എണ്ണം** | **ആകെ വില** |
| **1** | യോഗ മാറ്റ് | 390 | 10 | 3900 |
| **2** | പരിശീലകൻ 10 ദിവസത്തേക്ക് (500X10 | | | 5000 |
| **Total** | | | | **8900** |

**സൈക്കിൾ:-**ജൂൺമാസത്തിൽ യു.പി തലത്തിലെ മുഴുവൻ കുട്ടികളിലും സൈക്കിൾ സവാരി അറിയുന്നവരുടെ സർവ്വേ നടത്തുന്നു.ജൂലായ് രണ്ടാം വാരത്തിനുശേഷം അറിയാത്തവരെ, അറിയുന്നവരുടെയും,അധ്യാപിക/അധ്യാപകരുടെയും സഹായത്തോടെ സൈക്കിൾസവാരി പഠിപ്പിക്കാൻ തുടങ്ങുന്നു.ഇതിനായി സ്കൂളിൽ സൈക്കിളിൽ വരുന്നകുട്ടികളുടെ സൈക്കിളുകൾ ഉപയോഗിച്ച് പ്രവർത്തനം സുഗമമാക്കുന്നു.പുതുതായി 4 സൈക്കിൾവാങ്ങാൻ PTA യിൽ നിർദ്ദേശം വെക്കുന്നു.

| **സൈക്കിൾ പഠനം** | | | | |
|---|---|---|---|---|
| **ക്ര .നം** | **ഉപകരണങ്ങൾ** | **വില** | **എണ്ണം** | **ആകെ വില** |
| **1** | സൈക്കിൾ | 8500 | 4 | 34000 |
| **Total** | | | | **34000.00** |

## കിഡ്സ് അത്ലെറ്റിക്സ് & അത്ലറ്റിക്സ്.

| കിഡ്സ് അത്ത് ലെറ്റിക് സ് ഉപകരണങ്ങൾ | | | | |
|---|---|---|---|---|
| **ക്ര .നം** | ഉപകരണങ്ങൾ | **വില** | **എണ്ണം** | **ആകെ വില** |
| **1** | മെഡിസിൻബോൾ 1 | 600 | 2 | 1200 |
| **2** | മെഡിസിൻബോൾ 2 | 650 | 2 | 1300 |
| **3** | മിനി ബാസ്കറ്റ് ബോൾ | 600 | 2 | 1200 |

| | | | | |
|---|---|---|---|---|
| **4** | റോപ്പ് ലേഡർ (50cm സ്ക്വയർ )5 മീറ്റർ | 650 | 1 | 650 |
| **5** | ത്രോബോൾ | 500 | 2 | 1000 |
| **6** | ഫ്ലൈയിംഗ് ഡിസ്ക് | 180 | 12 | 2160 |
| **7** | കോൺ | 68 | 20 | 1360 |
| **8** | സ്റ്റെപ്പ് ജംപ്പിംഗ് ബോക്സ് | 450 | 4 | 1800 |
| **9** | ഹഡിൽസ് 40cm ,60cm | 390 | 4 | 1560 |
| **10** | സ്കിപ്പിംഗ് റോപ്പ് | 120 | 5 | 600 |
| **11** | ജാവലിൻ 400 ഗ്രാം,600 ഗ്രാം | 680 | 4 | 2720 |
| **Total** | | | | **15550** |

**മേജർ ഗെയിം.**

ഓഗസ്റ്റ്,സെപ്റ്റംബർ,ഒക്ടോബർ,നവംബർ മാസങ്ങളിൽ വിവിധഗെയിമുകൾ പരിശീലിപ്പിക്കുന്നു. പ്രധാനമയി വോളിബോൾ ഫുട്ബോൾ ഷട്ടിൽ എന്നിവയാണ് തിരഞ്ഞെടുക്കുന്നത്.

**ഫുട്ബോൾ**

ഫുട്ബോളിന് ചെറിയ ഗ്രൗണ്ട് (പള്ളിപ്പറമ്പ്)മാത്രമേ സ്കൂളിന് സൗകര്യപ്രദമുള്ളത് .മാനേജറുടെ നിർദ്ദേസമനുസരിച്ച് ഗ്രൗണ്ട് നിരപ്പാക്കിത്തരും എന്ന ഉറപ്പിൽ,പുറമെനിന്നും ഒരു കോച്ചിന്റെ സഹായത്താൽ ഒരു വർഷക്കാലം നീണ്ട് നിൽക്കുന്ന പരിശീലനപദ്ധതി ആസൂത്രണം ചെയ്തു . ഇതിന്റെ ഫണ്ട് ,പങ്കെടുക്കുന്ന കുട്ടികളിൽ നിന്നും,പി.ടി.എ,യിൽ നിന്നും,മറ്റ് സ്പോൺസർമാരിൽ നിന്നും കണ്ടെത്തണം. ജൂലൈ മാസത്തിൽ താല്പര്യമുള്ള കുട്ടികളുടെ രക്ഷിതാക്കളുടെ സമ്മതപത്രം വാങ്ങി നിശ്ചിതഫീസ് ഈടാക്കി പദ്ധതി നടപ്പാക്കാം.

| **ഫുട്ബോൾ** | | | | |
|---|---|---|---|---|
| ക്ര .നം | **ഉപകരണങ്ങൾ** | വില | എണ്ണം | ആകെ വില |
| **1** | ഫുട്ബോൾ | 1100 | 20 | 22000 |
| **2** | ഫുട്ബോൾഗോൾ പോസ്റ്റ് (മിനി)2 സെറ്റ് | 2500 | 4 | 10000 |
| **3** | ഫുട്ബോൾ പോസ്റ്റ് നെറ്റ് | 875 | 4 | 3500 |
| | | | | **35500.00** |

**ഷട്ടിൽ ബാഡ് മിന്റൺ**

നാളേക്ക് ഇൻഡോർ കോർട്ട് ആവും എന്ന പ്രതീക്ഷയിൽ ഷട്ടിൽബാഡ് മിന്റൺ കോർട്ട് സ്കൂൾ മുറ്റത്ത് പുതുതായി നിർമിച്ചു.

| **മേജർ ഗെയിം ഉപകരണങ്ങൾ** | | | | |
|---|---|---|---|---|
| ക്ര .നം | **ഉപകരണങ്ങൾ** | വില | എണ്ണം | ആകെ വില |

| | | | | |
|---|---|---|---|---|
| **1** | വോളിബോൾ | 780 | 4 | 3120 |
| **2** | വോളിബോൾ നെറ്റ് | 1250 | 1 | 1250 |
| **3** | മിനി ഗോൾ പോസ്റ്റ് | 1200 | 2 | 2400 |
| **4** | ഷട്ടിൽ ബാറ്റ് | 620 | 8 | 4960 |
| **5** | ഷട്ടിൽ ബാഡ് മിന്റൺ നെറ്റ് | 490 | 2 | 980 |
| **6** | ഷട്ടിൽ കോക്ക് | 680 | 4 | 2720 |
| **8** | ഷട്ടിൽ ബാഡ് മിന്റൺ പോസ്റ്റ് | 750 | 2 | 1500 |
| **9** | ഖോ-ഖോ പോസ്റ്റ് | 500 | 2 | 1000 |
| **Total** | | | | **17930.00** |

**മൈനർ ഗെയിം**

വിവിധ മേജർ ഗെയിമിനോട് അനുബന്ധിച്ചുള്ള മൈനർജിയും കളിപ്പിക്കുന്നു.ജൂൺ,ജൂലൈ ഓഗസ്റ്റ് മാസങ്ങളിൽ സ്കൂളിന്റെ ഹാളിലും വരാന്തയിലും ഒഴിഞ്ഞ സ്ഥലങ്ങളിലും സംഗീതത്തിന്റെ സഹായത്തോടെയും,അല്ലാതെയും,താളാത്മകമായി ഏയ്റോബ്ക്ക്എക്സർസൈസുകൾ നിശ്ചിത സമയം ചെയ്യുന്നു .ഇതിനായി ഒരു ഇൻസ്ട്രക്ടറെ ചുമതലപ്പെടുത്തുന്നു.

| **സാമ്പത്തിക അവലോകനം** | | |
|---|---|---|
| **ക്ര നം** | **ഇനങ്ങൾ** | **തുക** |
| **1** | യോഗ | 8900:00 |
| **2** | സൈക്കിൾ | 34000:00 |
| **3** | കിഡ്സ് അത്ത് ലറ്റിക് സ് | 15550:00 |
| **4** | ഫുട്ബോൾ | 35500.00 |
| **5** | മേജർ ഗെയിം | 17930.00 |
| **Total** | | **111830.00** |

**ട്രാഫിക് നിയമങ്ങൾ ബോധ്യപ്പെടുത്തുന്നു**

**ഇന്നത്തെ പ്രശ്നം** റോഡ് നിയമങ്ങളെ കുറിച്ച് വ്യക്തമായ ധാരണ ഇല്ലായ്മയാണ്.

**ലക്ഷ്യങ്ങൾ റോഡ് നിയമങ്ങളെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക എന്നതാണ്.**

റോഡ് അപകടങ്ങൾ അനുദിനം വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത് പ്രധാനമായും റോഡ് നിയമങ്ങൾ പാലിക്കാത്തതാണ് കാരണം. പ്രാഥമിക വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ റോഡ് നിയമങ്ങളെ കുറിച്ചുള്ള ധാരണ കുട്ടികളിൽ രൂപപ്പെടുത്താൻ കഴിയണം.വാഹനാപകടങ്ങൾ ഉണ്ടാകാനുള്ളകാരണങ്ങളെക്കുറിച്ച് കുട്ടികൾക്ക് പറയാൻകഴിയണം. കാൽനടയായും,വാഹനങ്ങളിലും വിദ്യാലയത്തിലെത്തുന്ന കുട്ടികൾ തീർച്ചയായും,കാൽനടയാത്രക്കാരും വാഹനയാത്രക്കാരും ശ്രദ്ധിക്കേണ്ടകാര്യങ്ങൾ അറിഞ്ഞിരിക്കണം.സീബ്ര ലൈൻ,

അടയാളവിളക്കുകൾ,ട്രാഫിക് ചിഹ്നങ്ങൾ തുടങ്ങിയവ എന്തെന്ന് കുട്ടികൾ വ്യക്തമായി ബോധ്യപ്പെടുത്തണം.ചെറിയകളികളിലൂടെയും ചർച്ചകളിലൂടെയും നിരീക്ഷണങ്ങളിലൂടെയും ഈ കാര്യങ്ങൾ കുട്ടികളിൽ എത്തിക്കുവാൻ ശ്രമിക്കണം. സുരക്ഷിതയാത്രയ്ക്കായി ഒട്ടേറെ കാര്യങ്ങൾ താൻ ശ്രദ്ധിക്കേണ്ടതുണ്ട് എന്ന് ഓരോ കുട്ടിയും തിരിച്ചറിയണം.

**പ്രവർത്തനങ്ങൾ.**

വാർത്ത, കൊളാഷ് വിശകലനം.

സീബ്രാ ലൈൻ -ചിത്ര നിരീക്ഷണം.

ട്രാഫിക് വിളക്കുകൾ- വീഡിയോ പ്രദർശനം

ട്രാഫിക് വിളക്കുകൾ വരച്ച് നിറം നൽകൽ

അടയാള വിളക്കുകൾ ചർച്ച

വാഹനം ഓടിക്കാം കളി. തുടങ്ങിയവ

**മോണിറ്ററിംഗ്.**

ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ മാസ്റ്റർ പ്ലാനിന്റെ മോണിറ്ററിംഗ് കമ്മിറ്റിയായി HM ജനറൽ കൺവീനറായും,കായികാധ്യാപകൻ കൺവീനർ ഒരു പുരുഷഅധ്യാപകൻ രണ്ടു വനിത അധ്യാപികമാർ രണ്ടുപേരും ചേർന്ന് ഏഴ് അംഗ കമ്മിറ്റി രൂപീകരിക്കണം.

# കലാ വിദ്യാഭ്യാസം – അക്കാദമിക് മാസ്റ്റർ പ്ലാൻ

അക്കാദമിക് വർഷം: **2025–2026**

വിദ്യാലയം: ഗവ:ഹയർ സെക്കണ്ടറി സ്കൂൾ,ആനമങ്ങാട്,മലപ്പുറം

തയ്യാറാക്കിയിരിക്കുന്നത്: ലിനു.ജെ

വിഭാഗം: കലാ വിഭാഗം

ദർശനം & ലക്ഷ്യങ്ങൾ

- വിദ്യാർത്ഥികളിൽ കലാപരമായ കഴിവുകളും സൃഷ്ടിപരമായ ചിന്തയും വളർത്തുക.
- Self-expression, creative and critical thinking, സാമൂഹ്യ അവബോധം എന്നിവക്ക് കലയെ ഒരു ഉപാധിയായി ഉപയോഗപ്പെടുത്തുക.
- പരമ്പരാഗതം, ആധുനികം, വിഷയാന്തര ശൈലികൾ എന്നിവയെ ക്ലാസ്സ്റൂം കലാ പാഠ്യത്തിൽ സംയോജിപ്പിക്കുക.

മാസങ്ങളിലായി രൂപകൽപന ചെയ്ത കലാ ശൈലി & പ്രവർത്തനങ്ങൾ

| Sl. No | മാസം | വിഷയം / കേന്ദ്രീയ ആശയം | പ്രധാന പ്രവർത്തനങ്ങൾ | കുറിപ്പുകൾ |
|---|---|---|---|---|
| 1 | ജൂൺ | കലയുടെ സാന്നിധ്യം, പുതിയ കുട്ടികൾക്ക് പരിചയം | ആർട്ട് ക്ലബ് രൂപീകരണം, വരയും പെയിന്റിംഗും, അടിസ്ഥാന പരിശീലനം, സ്കെച്ച് ബുക്ക് പരിചയം | പുതിയവർക്ക് ശില്പശാലകൾ |
| 2 | ജൂലൈ | ഭാരതത്തിന്റെ ജനകീയ കലകൾ | വർലി, മധുബനി, കലാംകാരി തുടങ്ങി ശില്പശാലകൾ – "ട്രൈബൽ ആർട്ട്" വാരാഘോഷം | ആർട്ട് ക്ലബ് സ്റ്റുഡന്റ്സ് കൊണ്ട് |
| 3 | ആഗസ്റ്റ് | ദേശീയ പൈതൃക കലകൾ | സ്വാതന്ത്ര്യ സമര നായകരുടെ ചിത്രരചന – ദേശസ്നേഹചിന്തകളുള്ള കലിഗ്രഫി – സ്വാതന്ത്ര്യദിനത്തോട് ബന്ധപ്പെട്ട ചിത്രങ്ങൾ | ചരിത്ര പാഠവുമായി ബന്ധപ്പെടുത്തി |
| 4 | സെപ്റ്റംബർ | Craft and | Clay modeling | Use recycled |

| | | | | |
|---|---|---|---|---|
| | | Sculpture | -Paper mâché toys and mask-making | materials |
| 5 | October | Drawing & Sustainability in Art | -Drawing workshops<br>-Recycled art projects<br>– Poster-making: Save Environment | October drawing week, World Habitat Day, Wildlife Week |
| 6 | November | Portraits & Personal Identity | – Self-portraits<br>– Drawing human figures<br>– Discussion: “Who am I in art?” | Combine with Gender Awareness Week |
| 7 | December | Art & Storytelling | – Illustrating stories and poems<br>– Comic strip creation<br>– Literature-Art integration | Literary Fest month |
| 8 | January | Digital & Media Art | – Intro to photography<br>– Poster design on mobile<br>– Short film/stop-motion basics | Access to digital equip ments and software (computer/mobil e/ Camera) |
| 9 | February | Art for Social Change | – posters making on current issues<br>– Gender, Rights & Equality mural art projects<br>– Group installation art | Collaborate with SPC/NSS |
| 10 | March | Art History & Career Awareness, Exhibition | – “Artist of the Month” student talks<br>– Virtual museum/ physical | Invite resource person, Invite parents & school community |

| | | | | |
|---|---|---|---|---|
| | | | museum tours<br>– Talk by alumni / career guidance<br>-Annual Art Exhibition | |

**1)**പ്രധാന പ്രവർത്തന മേഖലകൾ

**1.** കലാ നൈപുണ്യ വികസനം

- വരയും പെയിന്റിംഗും

- ശിൽപ-ക്രാഫ്റ്റ് പരിശീലനം

- വസ്ത്രകല – ടൈ & ഡൈ, എംബ്രോയിഡറി

**2.** കലാചരിത്രം & പ്രതിബദ്ധത

- ആർട്ട് ക്ലബ്, ആഴ്ച/മാസ കലാകാരൻ

- ഡോക്യുമെന്ററി പ്രദർശനങ്ങൾ

- ആർട്ട് ഗാലറി / മ്യൂസിയം – ഓൺലൈൻ സന്ദർശനം

**3.** സാമൂഹികമായി പ്രേരിത കലാപദ്ധതികൾ
പരിസ്ഥിതി വിഷയങ്ങളിൽ കലാപ്രവർത്തനം

- Self analysis,
- ലിംഗതുല്യത,
- Community mural initiatives

**4.** വിഷയാന്തര പ്രവർത്തനങ്ങൾ
ചരിത്രം കലയിലൂടെ

- History through Art

- Literature to Visuals

**5.** ആധുനിക & മീഡിയ അധിഷ്ഠിത കല

- മൊബൈൽ ആപ് പോസ്റ്റർ ഡിസൈൻ

- ഫോട്ടോഗ്രാഫി,
- ആനിമേഷൻ

- Editing

**6.** വിദ്യാർത്ഥിനികൾ നയിക്കുന്ന പ്രവർത്തനങ്ങൾ
ആർട്ട് ക്ലബ്

- Art Club
- Mentorship (senior to junior)
- Open studio days

**7. Professional Exposure**

- Talks by artists and alumni
- Field visits (if possible)
- Career guidance sessions

മൂല്യനിർണയവും ഡോക്യുമെന്റേഷൻ

- Student Portfolios: Drawing and sketchbooks, Photos of artworks
- Peer Review: During club meetings, workshops or exhibition
- Teacher Evaluation: Based on participation, creativity, and conceptual and critical understanding
- Annual Reflection: Written or oral presentation of art learning journey

# Expected Outcomes

- Development of drawing, painting, craft, and digital art skills.
- Greater cultural appreciation through folk and tribal art engagement.
- Increased student participation in exhibitions and competitions.
- Creation of personal art portfolios/journals by all students.
- Social awareness and critical thinking through theme-based projects.
- Peer mentoring and leadership through student-led initiatives.

- Career awareness in visual arts, design, and related fields.
- Improved school visibility through exhibitions and community art.

# Resources Needed

## A. Materials & Equipment

- Drawing sheets (A3, A4 – approx. 1000 sheets) – ₹2,000
- Watercolors, acrylics, crayons, pastels – ₹2,000
- Brushes, palettes, pencils, erasers – ₹1,500
- Clay, papier-mâché materials, paper crafts – ₹1,500
- Textile art kits (tie & dye, batik materials) – ₹2,000
- Embroidery threads, hoops, basic kits – ₹1,000
- Sketchbooks / Art journals for 30 students – ₹1,500
- Display boards, framing materials, print-outs – ₹3,000
- Stationery (chart paper, glue, tape, scissors, pins) – ₹1,000
- Stop-motion & mobile poster design (free mobile apps) – ₹0
- Use of school projector, speaker, and computer – (no additional cost)

## B. Resource Persons & Support

- Honorarium for guest artists, alumni talks (₹500 × 12 sessions) – ₹6,000
- Travel allowance for invited speakers (approx.) – ₹2,000
- Field visit to an art college or gallery (bus + entry fees) – ₹5,000

---

# Expected Outcomes